# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.

Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com


പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 13-09-2012

## ഡീസൽ വിലവർദ്ധനവ് - ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിൽ എഫ്.എസ്.ഇ.ടി.ഒ പ്രതിഷേധപ്രകടനം ഇന്ന്

**ഡീസൽവില 5 രൂപ വർദ്ധിപ്പിക്കുകയും ഗ്യാസ് സിലണ്ടറുകളുടെ എണ്ണം 6 ആക്കി പരിമിതപ്പെടുത്തുകയും ചെയ്ത കേന്ദ്രസർക്കാരിന്റെ നടപടിക്കെതിരെ ഇന്ന് (14.09.2012) എഫ്.എസ്.ഇ.ടി.ഒ യുടെ നേതൃത്വത്തിൽ ജീവനക്കാരും അധ്യാപകരും ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിൽ പ്രതിഷേധ പ്രകടനം നടത്തും. ഡീസലിന് ഒറ്റയടിയ്ക്ക് 5 രൂപ വർദ്ധിപ്പിച്ചത് ചരിത്രത്തിലാദ്യമായിട്ടാണ്. യാത്രാ-ചരക്കുകൂലി വർദ്ധിക്കുന്നതിന് ഇത് ഇടയാക്കുമെന്നതിനാൽ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം അതിരൂക്ഷമാകും. പാചകവാതക സിലിണ്ടറിന് സബ്സിഡി നിയന്ത്രിച്ചതിനാൽ 6 ൽ കൂടുതൽ വാങ്ങുന്നതിന് 1000 രൂപ വേണ്ടിവരും. സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും വീടുകളിൽ പാചകവാതകം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. പെട്രോളിയം കമ്പനികൾക്ക് തീവെട്ടികൊള്ള നടത്താൻ കൂട്ടുനിൽക്കുന്ന കേന്ദ്രസർക്കാരിനെതിരെ ജില്ലാ-താലൂക്ക് കേന്ദ്രങ്ങളിൽ നടത്തുന്ന പ്രതിഷേധ പ്രകടനത്തിൽ എല്ലാ ജീവനക്കാരും അധ്യാപകരും പങ്കെടുക്കണമെന്ന് എഫ്.എസ്.ഇ.ടി.ഒ ജനറൽ സെക്രട്ടറി എ.ശ്രീകുമാർ, പ്രസിഡന്റ് എം.ഷാജഹാൻ എന്നിവർ അഭ്യർത്ഥിച്ചു.**

**എം. ഷാജഹാൻ**

പ്രസിഡന്റ്, എഫ്.എസ്.ഇ.ടി.ഒ

# കേരള സ്കൂൾ ടീച്ചേഴ്സ് അസോസിയേഷൻ
# KSTA

**സംസ്ഥാനകമ്മിറ്റി, തൈക്കാട് - തിരുവനന്തപുരം 695014.**

**Ph: 0471-2324997,2327630 Fax: 0471-2324997. Web: www.kstakerala.in, E mail - kstatvm@gmail.com**

പ്രസിദ്ധീകരണത്തിന് ;

തിരുവനന്തപുരം, 13-09-2012

## ഡീസൽ വിലവർദ്ധനവ് - പ്രതിഷേധിക്കുക

## കെ.എസ്.ടി.എ

**ഡീസൽവില 5 രൂപ വർദ്ധിപ്പിക്കുകയും ഗ്യാസ് സിലണ്ടറുകളുടെ എണ്ണം 6 ആക്കി പരിമിതപ്പെടുത്തുകയും ചെയ്ത കേന്ദ്രസർക്കാരിന്റെ നടപടിക്കെതിരെ എല്ലാ അധ്യാപകരും പ്രതിഷേധിക്കണമെന്ന് കെ.എസ്.ടി.എ സംസ്ഥാന കമ്മിറ്റി ആവശ്യപ്പെട്ടു. ഡീസലിന് ഒറ്റയടിയ്ക്ക് 5 രൂപ വർദ്ധിപ്പിച്ചത് ചരിത്രത്തിലാദ്യമായിട്ടാണ്. യാത്രാ-ചരക്കുകൂലി വർദ്ധിക്കുന്നതിന് ഇത് ഇടയാക്കുമെന്നതിനാൽ ഭക്ഷ്യവസ്തുക്കളുടെ വിലക്കയറ്റം അതിരൂക്ഷമാകും. പാചകവാതക സിലിണ്ടറിന് സബ്സിഡി നിയന്ത്രിച്ചതിനാൽ 6 ൽ കൂടുതൽ വാങ്ങുന്നതിന് 1000 രൂപ വേണ്ടിവരും. സാധാരണക്കാരുടെയും പാവപ്പെട്ടവരുടെയും വീടുകളിൽ പാചകവാതകം ഉപയോഗിക്കാൻ കഴിയാത്ത അവസ്ഥ വന്നിരിക്കുകയാണ്. പെട്രോളിയം കമ്പനികൾക്ക് തീവെട്ടികൊള്ള നടത്താൻ കൂട്ടുനിൽക്കുന്ന കേന്ദ്രസർക്കാരിനെതിരെ എല്ലാ ജീവനക്കാരും അധ്യാപകരും പ്രതിഷേധിക്കണമെന്ന് ജനസെക്രട്ടറി എം.ഷാജഹാൻ അഭ്യർത്ഥിച്ചു.**

**എം. ഷാജഹാൻ**

ജനറൽ സെക്രട്ടറി